**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2452** **21-01-2021 - ൽ മറുപടിയ്ക്ക്**

**സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എം . വിൻസെൻറ് | | **Shri E. P. Jayarajan**<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | 2020-21 സാമ്പത്തിക വർഷത്തിൽ കൈത്തറി വ്യവസായത്തിന് ബഡ്ജറ്റിൽ എത്ര തുക അനുവദിച്ചു; സ്കീമുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | കൈത്തറി വ്യവസായത്തിന് 2020-21 വർഷത്തിൽ 5139.00 ലക്ഷം രൂപ ബഡ്ജറ്റിൽ അനുവദിച്ചിരുന്നു. എന്നാൽ 21സ്കീമുകൾ വഴി 3299.18 ലക്ഷം രൂപ ചെലവഴിച്ചു. ആയതിന്റെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | നാളിതുവരെ പ്രസ്തുത സ്കീമുകൾക്കായി അനുവദിച്ചതും വിനിയോഗിച്ചതുമായ തുക എത്ര; | (ബി) | കൈത്തറി വ്യവസായത്തിന് 2020-21 വർഷത്തിൽ 5139.00 ലക്ഷം രൂപ ബഡ്ജറ്റിൽ അനുവദിച്ചിരുന്നു. എന്നാൽ 21സ്കീമുകൾ വഴി 3299.18 ലക്ഷം രൂപ ചെലവഴിച്ചു. ആയതിന്റെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി പ്രകാരം മറ്റ് സംസ്ഥാനങ്ങളിൽ ഏതെല്ലാം മില്ലുകളെയാണ് തുണി ഡൈയിംഗിനായി ചുമതലപ്പെടുത്തിയത്; ഓരോ മില്ലുകൾക്കും ഡൈയിംഗിനായി എത്ര മീറ്റർ തുണി നൽകുന്നു; വിശദ വിവരം നല്കാമോ; | (സി) | സൗജന്യ സ്കൂൾ യൂണിഫോം തുണി ഡൈ ചെയ്യുന്നതിന് 2020-21 വർഷം ഇ- ടെണ്ടറിംഗിലൂടെ കോയമ്പത്തൂരുള്ള M/s.United Bleachers, ഈറോഡിലുള്ള M/s Minerva Syncot Pvt Ltd, M/s Aruna Textiles Procession Mills തുടങ്ങിയ സ്ഥാപനങ്ങൾ അർഹരായി. വിവിധ കളറുകൾ ഡൈ ചെയ്യുന്നതിനായി M/s United Bleachers ന് 1261900 മീറ്റർ തുണിയും, M/s Minerva Syncot Pvt Ltd ന് 58800 മീറ്റർ തുണിയും, M/s Aruna Textiles Processing മില്ലിന് 2815400 മീറ്റർ തുണിയും നല്കി. |
| (ഡി) | 2019 ഡിസംബർ മാസത്തിന് മുമ്പ് ഉല്പാദനം നടന്ന തുണിത്തരങ്ങൾ നാളിതുവരെ വിതരണം ചെയ്യാത്തത് എന്തുകൊണ്ടെന്ന് അറിയിക്കാമോ; ; | (ഡി) | 2020 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ വിതരണം ചെയ്യുന്നതിനുള്ള യൂണിഫോം തുണിയാണ് ഡിസംബറിൽ ഉല്പാദിപ്പിച്ചിരുന്നത്. എന്നാൽ 2020 മാർച്ച് മാസത്തോടെ കോവിഡ് -19 മഹാമാരി കാരണം ഡൈയിംഗ് ജോലികൾ പൂർത്തിയാക്കുന്നതിന് സാധിച്ചിരുന്നില്ല. സ്കൂളുകൾ തുറക്കുകയാണെങ്കിൽ 2021 ജനുവരി മാസത്തോടെ സൗജന്യ സ്കൂൾ യൂണിഫോം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കൈത്തറി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | ഘട്ടം ഘട്ടമായി എല്ലാ സർക്കാർ സ്കൂളുകളിലേയും 1 | (ഇ) | ഗവർണറുടെ 2020-21 വർഷത്തെ |

| | | | |
|---|---|---|---|
| | മുതൽ 10 വരെയുള്ള മുഴുവൻ കുട്ടികൾക്കും സൗജന്യ യൂണിഫോം വിതരണം ചെയ്യും എന്ന പദ്ധതി നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വരുന്ന വർഷത്തിൽ ആയത് പൂർണ്ണമായും നടപ്പിലാക്കുവാൻ കഴിയുമോ; വിശദമാക്കാമോ? | | നയപ്രഖ്യാപനത്തിൽ 1മുതൽ 7-ാം ക്ലാസ്സ് വരെയുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് സൗജന്യ സ്കൂൾ യൂണിഫോം നൽകുന്നതിനുള്ള പ്രഖ്യാപനം ഉണ്ടായിരുന്നു. ആയതിന്റെ സാദ്ധ്യതകൾ സർക്കാർ പരിശോധിച്ച് കൂടുതൽ ഉല്പാദനം നടത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| രൂപ (ലക്ഷത്തിൽ) | | | |
|---|---|---|---|
| ക്രമ നമ്പർ | പദ്ധതിയുടെ പേര് | 2020-21 | |
| | | ബജറ്റ് വിഹിതം | ചെലവഴിച്ച തുക |
| 1 | പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങളിൽ സർക്കാർ ഓഹരി പങ്കാളിത്തം | 84.00 | 26.00 |
| 2 | സർക്കാർ ഓഹരി പങ്കാളിത്തം (ഹാന്റെക്സ്) | 150.00 | 0.00 |
| 3 | സർക്കാർ ഓഹരി പങ്കാളിത്തം (ഹാൻവീവ്) | 74.00 | 40.00 |
| 4 | കൈത്തറി നെയ്ത്തുകാർക്ക് മേൽത്തരം അസംസ്കൃത വസ്തുക്കൾക്കുള്ള സബ്സിഡി | 126.00 | 47.00 |
| 5 | കൈത്തറി നെയ്ത്തുകാർക്ക് മേൽത്തരം അസംസ്കൃത വസ്തുക്കൾക്കുള്ള മാർജിൻ മണി | 100.00 | 39.00 |
| 6 | കൈത്തറി മേഖലയിൽ സ്വയം തൊഴിൽ പദ്ധതി | 75.00 | 2.42 |
| 7 | യുവവീവ് പദ്ധതി | 25.00 | 76.21 |
| 8 | നെയ്ത്തുകാർക്കും മറ്റു തൊഴിലാളികൾക്കും പ്രചോദന പരിപാടി | 420.00 | 419.44 |
| 9 | അംശദാന മിതവ്യയ ഫണ്ട് | 84.00 | 81.00 |
| 10 | കൈത്തറി ഗ്രാമവും സമഗ്ര കൈത്തറി ഗ്രാമവും സ്ഥാപിക്കൽ | 42.00 | 0.00 |
| 11 | കൈത്തറി നെയ്ത്തുകാർക്ക്ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി(MGBBY) | 18.00 | 0.00 |
| 12 | വിപണന-കയറ്റുമതി പ്രോത്സാഹന പദ്ധതി | 252.00 | 121.17 |
| 13 | കൈത്തറി സംഘങ്ങളുടെ ആധുനികവൽകരണവും | 715.00 | 118.12 |

| | | | |
|---|---|---|---|
| | മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനവും | | |
| 14 | പരിശീലന വൈദഗ്ദ്ധ്യ വികസന പരിപാടി | 168.00 | 51.00 |
| 15 | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി സ്ഥാപിക്കൽ | 0.00 | 346.77 |
| 16 | നാട്ടുകാണിയിൽ ടെക്സ്റ്റൈൽ പ്രോസ്സ്സ്സിംഗ് സെന്ററിന്റെ സ്ഥാപനം | 600.00 | 0.00 |
| 17 | യന്ത്രത്തറി സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം | 84.00 | 31.00 |
| 18 | യന്ത്രത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വുറൻസ് പദ്ധതി | 1.00 | 0.05 |
| 19 | യന്ത്രത്തറി സർക്കാർ ഓഹരി പങ്കാളിത്തം | 16.00 | 8.00 |
| 20 | ടെക്സ്ഫെഡിന് കീഴിലുള്ള സഹകരണ സംഘങ്ങളിലെ യന്ത്രത്തറികളുടെ ആധുനികവൽക്കരണം | 2037.00 | 1863.00 |
| 21 | ഇന്റഗ്രേറ്റഡ് യന്ത്രത്തറി സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണം | 68.00 | 29.00 |
| | ആകെ | **5139.00** | **3299.18** |